File No.AR13-2/449/2018-PandARD

കേരള സർക്കാർ

നം. 449/എ.ആർ 13(2)/18/ഉ.ഭ.പ.വ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ –13)വകുപ്പ്
തീയതി, തിരുവനന്തപുരം,
22/10/2018

<u>പരിപത്രം</u>

വിഷയം:- സർക്കാർ ഓഫീസുകളുടെ ചുവരിൽ വയ്ക്കാവുന്ന ഫോട്ടോ സംബന്ധിച്ച്- നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സർക്കാർ ഓഫീസുകളിൽ ആരുടെയൊക്കെ ഫോട്ടോ ചുവരിൽ വയ്ക്കാം എന്നുള്ള വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുന്നു.

- രാഷ്ട്രപിതാവിന്റെ ഒഴികെ മറ്റാരുടെയും ചിത്രം സർക്കാർ ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതില്ല. എന്നാൽ ഏതെങ്കിലും സർക്കാർ സ്ഥാപനം ഏതെങ്കിലും മഹത് വ്യക്തികളുടെ പേരിലാണ് അറിയപ്പെടുന്നതെങ്കിൽ, ആ വ്യക്തിയുടെ ഫോട്ടോ, വകുപ്പ് മേലധികാരിയുടെ അനുമതിയോടെ, ഓഫീസിൽ പ്രദർശിപ്പിക്കാവുന്നതാണ്. രാഷ്ട്രപിതാവിന്റേത് ഒഴികെയുള്ള ചിത്രങ്ങൾ പുരാവസ്തു വകുപ്പിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.
- ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ, സ്ഥാപന മേലധികാരിയുടെ പ്രവർത്തന കാലയളവ് മുൻ മേലധികാരിയുടെ തുടർച്ചയായി എഴുതി വയ്ക്കണമെങ്കിൽ, ആയത് തന്റെ എല്ലാ മുൻഗാമികളുടെയും പേര് , പ്രവർത്തന കാലയളവ് എന്നിവ കൃത്യമായി പട്ടികയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആയിരിക്കണം ചെയ്യേണ്ടത്. ഇക്കാര്യത്തിൽ ഓഫീസിലെ ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തിക്കൊണ്ട് സ്ഥാപനമേധാവികൾ വർക്ക് ഡിസ്ട്രിബ്യൂഷനിൽ ഭേദഗതി വരുത്തേണ്ടതാണ്.

K.GOPALAKRISHNA BHAT
SPECIAL SECRETARY

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കു സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കു സെക്ഷനുകൾക്കും

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം

(അച്ചടി,ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.